# സന്ധ്യാപ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യ ദൈവത്തിന്റെ തിരുനാമത്തിൽ, തനിക്ക് സ്തുതി. നമ്മുടെ മേൽ തന്റെ കരുണയും മനോഗുണവും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

ആകാശവും ഭൂമിയും തന്റെ സ്തുതികൾ കൊണ്ട് നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി. ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു, ഉയരങ്ങളിൽ സ്തുതി.

ദൈവമേ! നീ പരിശുദ്ധനാകുന്നു. ബലവാനേ! നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനേ! + ഞങ്ങളുടെ മേൽ കരുണയുാകണമെ. (3 പ്രാവശ്യം)

ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമെ. ഞങ്ങളുടെ കർത്താവേ! കൃപയുായി ഞങ്ങളോടു കരുണ ചെയ്യണമെ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമെ.

ദൈവമേ! നിനക്ക് സ്തുതി. സൃഷ്ടാവേ! നിനക്ക് സ്തുതി. പാപികളായ അടിയാരോട് കൃപ ചെയ്യുന്ന മ്ശിഹാ രാജാവേ! നിനക്ക് സ്തുതി. ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമെ. നിന്റെ രാജ്യം വരേണമേ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമായിരിക്കുന്ന ആഹാരം ഇന്ന് ഞങ്ങൾക്ക് തരേണമെ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമെ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദുഷ്ടനിൽനിന്നും ഞങ്ങളെ രക്ഷിച്ചു കൊള്ളണമെ. എന്തുകൊന്നൊൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

കൃപ നിറഞ്ഞ മറിയമെ! നിനക്കു സമാധാനം. ഞങ്ങളുടെ കർത്താവ് നിന്നോടു കൂടെ. സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവളാകുന്നു. നിന്റെ ഉദരഫലമായ ഞങ്ങളുടെ കർത്താവേശുമ്ശിഹ വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവമാതാവായ വിശുദ്ധ കന്യക മർത്തമറിയമേ! ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും പാപികളായ ഞങ്ങൾക്കുവേി അപേക്ഷിച്ചുകൊള്ളേണമെ. ആമ്മീൻ.

## മാർ ബാലായിയുടെ ബോവൂസോ

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനെ! അനുകൂലത്തിന്റെ ദിവസത്തിൽ നിന്റെ സൃഷ്ടിയെ നീ പുത്തനാക്കി അനുകൂലമാക്കേണമേ. കർത്താവേ! നിന്റെ ആശ്രയത്തെക്കുറിച്ച് മരിച്ച്, നിന്റെ വരവിനായി നോക്കിപ്പാർക്കുന്ന ഞങ്ങളുടെ മരിച്ചുപോയവരെ നീ പുണ്യമാക്കണമേ. അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും മടിയിൽ അവരെ നീ പാർപ്പിക്കേണമേ. വന്നവനും വരുന്നവനും മരിച്ചവരെ അനുകൂലമാക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്ന് ശരീരങ്ങളും ആത്മാക്കളും ശരിയായിട്ടു നിലവിളിച്ചു പറയുമാറാകണമേ.

## 51 ാം മസുമൂറ

ദൈവമേ! നിന്റെ കൃപപോലെ എന്നോടു കരുണ ചെയ്യേണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങൾ മായിച്ചു കളയേണമെ.

എന്റെ അന്യായത്തിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കേണമെ. എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിന്നോടുതന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻചെയ്തു. എന്തെന്നാൽ നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ നീ ജയിക്കയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു. നിന്റെ സോപ്പാകൊണ്ട് എന്റെ മേൽ തളിക്കേണമെ.

ഞാൻ വെടിപ്പാകപ്പെടും. അതിനാൽ എന്നെ നീ വെണ്മയാക്കേണമെ. ഉറച്ച മഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊ് എന്നെ തൃപ്തിയാക്കേണമെ. ക്ഷീണമുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽനിന്നു നിന്റെ മുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിക്കണമെ.

ദൈവമെ വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കേണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കേണമെ. നിന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്നും എടുക്കയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരേണമെ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകേണമെ. അപ്പോൾ ഞാൻഅതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരികയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കേണമെ. എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കേണമെ. എന്റെ വായ് നിന്റെ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെടുന്നില്ല. ഹോമ ബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യേണമെ. ഊർശ്ലേമിന്റെ മതിലുകളെ പണിയേണമെ. അപ്പോൾ നീതിയുടെ ബലികളിലും ഹോമ ബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിന്മേൽ കാളകൾബലിയായി കരേറും. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

## (140, 141, 118, 116 മസ്മൂർകൾ)

കുറിയേലായിസോൻ

കർത്താവേ! നിന്നെ ഞാൻ വിളിച്ചുവല്ലോ, എന്നോട് ഉത്തരമരുളിച്ചെയ്യേണമെ. എന്റെ വചനങ്ങളെ സൂക്ഷിച്ച് കേട്ട് കൈക്കൊള്ളുകയും ചെയ്യേണമെ.

എന്റെ പ്രാർത്ഥന നിന്റെ മുമ്പാകെ ധൂപം പോലെയും എന്റെ കൈകളിൽ നിന്നുള്ള കാഴ്ച സന്ധ്യയുടെ വഴിപാടുപോലെയും ഇരിക്കുമാറാകണമെ. എന്റെ ഹൃദയം ദുഷ്ക്കാര്യത്തിന് ചായാതെയും ഞാൻ അന്യായകിയകൾ പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്കും അധരങ്ങൾക്കും കാവൽക്കാരെ നിയമിക്കേണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ ചേരുമാറാകരുതേ. നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയ്ക്ക് കൊഴുപ്പാകാതെയിരിക്കട്ടെ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷം നിമിത്തമാകുന്നു. അവരുടെ വിധികർത്താക്കൾ പാറയാൽ തടയപ്പെട്ടു. എന്റെ വചനങ്ങൾ ഇമ്പമുള്ളത് എന്നവർ കേൾക്കട്ടെ.

കൊഴുവുഭൂമിയെ പിളർക്കുന്ന പോലെ ശവക്കുഴിയുടെ വായ്ക്കരികെ അവരുടെ അസ്ഥികൾ ചിതറപ്പെട്ടു. കർത്താവേ! ഞാൻ എന്റെ കണ്ണുകളെ നിന്റെ അടുക്കലേയ്ക്കുയർത്തി നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതേ.

എനിക്കായി കെണികൾ മറച്ചുവെച്ചിട്ടുള്ള പരിഹാസികളുടെ കയ്യിൽ നിന്ന് എന്നെ കാത്തുകൊള്ളണമേ. ഞാൻ കടന്നുപോകുമ്പോൾ അന്യായക്കാർ അവരുടെ കെണികളിൽ ഒരുമിച്ച് വീഴട്ടെ.

എന്റെ ആത്മാവ് കുണ്ഠിതപ്പെട്ടപ്പോൾ ഞാൻ എന്റെ ശബ്ദത്താൽ ഞാൻ കർത്താവിനെ വിളിച്ചു. എന്റെ ശബ്ദത്താൽ ഞാൻ കർത്താവിനോട് പ്രാർത്ഥിച്ചു. അവന്റെ മുമ്പാകെ ഞാൻ എന്റെ സങ്കടം ബോധിപ്പിച്ചു. അവന്റെ മുമ്പാകെ ഞാൻ എന്റെ ഞെരുക്കം അറിയിക്കുകയും ചെയ്തു. എന്റെ ആത്മാവ് വിഷാദിച്ചിരിക്കുമ്പോൾ നീ എന്റെ ഊടുവഴികൾ അറിയുന്നുവല്ലോ.

എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്കായി കെണികൾ മറച്ചു വെച്ചു. ഞാൻ വലത്തോട്ട് നോക്കി എന്നെ അറിയുന്നവനില്ലെന്നു ഞാൻ കണ്ടു. സങ്കേത സ്ഥലം എനിക്കില്ലാതെയായി, എന്റെ ദേഹിക്കുവേണ്ടി പകരം ചോദിക്കുന്നവനും ഇല്ല. കർത്താവേ! ഞാൻ നിന്റെ അടുക്കൽ നിലവിളിച്ചു. കർത്താവേ! ജീവിച്ചിരിക്കുന്നവരുടെ ദേശത്ത് എന്റെ ആശ്രയവും എന്റെ ഓഹരിയും നീയാകുന്നു എന്ന് ഞാൻ പറഞ്ഞു.

ഞാൻ ഏറ്റവും എളിമപ്പെട്ടിരിക്കുന്നതുകൊ്എന്റെ അപേക്ഷയെ സൂക്ഷിച്ച് കേൾക്കേണമേ. എന്നെ പീഡിപ്പിക്കുന്നവർ എന്നെക്കാൾ ബലവാന്മാരായതു കൊ്അവരിൽനിന്ന് എന്നെ രക്ഷിക്കേണമെ. ഞാൻ നിന്റെ നാമത്തെ സ്തോത്രം ചെയ്യുവാനായിട്ട് എന്റെ പ്രാണനെ കാരാഗൃഹത്തിൽനിന്ന്പുറപ്പെടുവിക്കേണമെ. നീ എനിക്ക് ഉപകാരം ചെയ്യുമ്പോൾ നിന്റെ നീതിമാന്മാർ എന്നെ പ്രതീക്ഷിച്ചിരിക്കും.

നിന്റെ വചനം എന്റെ കാലുകൾക്ക് വിളക്കും എന്റെ ഊടുവഴികൾക്ക് പ്രകാശവും ആകുന്നു. നിന്റെ നീതിയുള്ള വിധികൾ ആചരിപ്പാനായിട്ട് ഞാൻ ആണയിട്ട് നിശ്ചയിച്ചു. ഞാൻ ഏറ്റവും ക്ഷീണിച്ചു. കർത്താവേ! നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കേണമേ.

കര്‍ത്താവേ! എന്റെ വായിലെ വചനങ്ങളില്‍ നീ ഇഷ്ടപ്പെടണമേ. നിന്റെ ന്യായങ്ങളില്‍നിന്ന് എന്നെ പഠിപ്പിക്കേണമെ.

എന്റെ ദേഹി എല്ലായ്പ്പോഴും നിന്റെ കൈകളില്‍ ഇരിക്കുന്നു. നിന്റെ വേദപ്രമാണം ഞാന്‍ മറന്നില്ല. പാപികള്‍ എനിക്കായിട്ട് കെണികള്‍ വെച്ചു. എന്നാലും ഞാന്‍ നിന്റെ കല്പനകളില്‍നിന്നും മാറിപ്പോയില്ല. ഞാന്‍ നിന്റെ സാക്ഷിയെ എന്നേക്കും അവകാശമായി സ്വീകരിച്ചു. എന്തെന്നാല്‍ അത് എന്റെ ഹൃദയത്തിന്റെ ആനന്ദമാകുന്നു. നിന്റെ കല്പനകള്‍ എന്നേക്കും സത്യത്തോടെ നിവര്‍ത്തിപ്പാനായിട്ട് ഞാന്‍ എന്റെ ഹൃദയം തിരിച്ചു.

സകല ജാതികളുമേ! കര്‍ത്താവിനെ സ്തുതിപ്പിന്‍. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിന്‍. എന്തെന്നാല്‍ അവന്റെ കൃപ നമ്മുടെമേല്‍ ബലപ്പെട്ടിരിക്കുന്നു. അവന്‍ സത്യമായിട്ട് എന്നേക്കും കര്‍ത്താവാകുന്നു. ദൈവമേ! സ്തുതിനിനക്ക് യോഗ്യമാകുന്നു. ബാറക്മോര്‍.

## എക്ബൊ

കര്‍ത്താവേ! കരുണയോടെ നിന്റെ ചെവിചായിച്ച് ഞങ്ങളുടെ പ്രാര്‍ത്ഥനകേട്ട് ഞങ്ങളോടുത്തരമരുളിച്ചെയ്യണമേ. ഞങ്ങളുടെ ശുശ്രൂഷയും പ്രാര്‍ത്ഥനകളും ദയവോടെ കൈക്കൊള്ളുവാന്‍ നിനക്ക് ഇഷ്ടമുാകുകയും ചെയ്യണമേ. സ്തൗമെന്‍കാലോസ്, കുറിയേലായിസോന്‍.

## കോലോകള്‍ - ധൂപപ്രാര്‍ത്ഥന

കര്‍ത്താവേ! ഞങ്ങളുടെ പ്രാര്‍ത്ഥന നിന്റെ സന്നിധിയില്‍ സുഗന്ധവര്‍ഗ്ഗം പോലെ ഇമ്പമായി ഭവിക്കണമെ. സുഗന്ധധൂപം പോലെ അത് നിന്റെ സന്നിധിയിലേക്ക് ഉയരുമാറാകേണമെ. സുഗന്ധവര്‍ഗ്ഗങ്ങളുടെ വാസന നിനക്കിമ്പമായിരിക്കുന്നതു പോലെ, അയോഗ്യരായ ഞങ്ങളുടെ നമസ്ക്കാരങ്ങളും പ്രാര്‍ത്ഥനകളും അപേക്ഷകളും സ്തോത്രങ്ങളും പ്രീതിയോടെ നീ കൈക്കൊള്ളുകയും ഞങ്ങളുടെ യാചനകള്‍ക്ക് മറുപടി നല്‍കുകയും ചെയ്യണമേ. ബാറെക്മോര്‍.

## ദൈവമാതാവിനോട്

കന്യകയായ ദൈവമാതാവേ! എല്ലാ ഭാഗങ്ങളില്‍നിന്നും ഞങ്ങള്‍ക്ക് വന്നുകൂടുന്ന ഉപദ്രവങ്ങളെയും ഈ ലോകസമുദ്രത്തിന്റെ ഓളങ്ങളെയും ചുഴലികളെയും നീ തടയണമെ. മാതാവേ! ദൈവസന്നിധിയില്‍ നിനക്കുള്ള ധൈര്യമായ പ്രവേശനം മൂലം ദൈവം ഞങ്ങള്‍ക്ക് കരുണയും പാപമോചനവും രോഗികള്‍ക്ക് സൗഖ്യവും ഞെരുക്കത്തില്‍ ഇരിക്കുന്നവര്‍ക്ക് ആശ്വാസവും അകലെ പോയിരിക്കുന്നവര്‍ക്ക് തിരിച്ചുവരവും നല്‍കുവാനായിട്ട്ഞങ്ങള്‍ക്കുവേിഅപേക്ഷിക്കണമേ.

## പരിശുദ്ധന്മാരോട്

നീതിമാനായ നോഹ, ജലപ്രളയകാലത്തില്‍ തന്നോടുകൂടെ പെട്ടകത്തിനകത്ത് പ്രവേശിച്ച ജീവജന്തുക്കളെ അതിന്റെ ഉള്ളില്‍ മറച്ചുകൊണ്ടപ്രകാരം നിങ്ങള്‍ ലോകത്തെ ചുറ്റിയിരിക്കുന്ന തിരമാലകളില്‍നിന്നും ചുഴലികളില്‍നിന്നും അതിനെ നിങ്ങള്‍ മറച്ചുകൊള്ളണമേ.

## ഏകപരിശുദ്ധനോട്

(മോര്‍ ഇഗ്നാത്തിയോസ് ബാവാ!) നിന്റെ ശോഭ മേലുള്ളവരെ വിസ്മയിപ്പിച്ചു നിന്റെ ശ്രേഷ്ഠമായ നാമം താഴെയുള്ളവരുടെ ഇടയില്‍ പുകഴ്ത്തപ്പെടുന്നു. നിന്റെ യജമാനനായ മ്ശീഹ നിന്റെ നല്ല നടപടികളെ കണ്ട് നിന്റെ ഓര്‍മ്മയെ ബഹുമാനിച്ച് ശ്രേഷ്ഠതപ്പെടുത്തിയിരിക്കുന്നു. നിന്റെ പ്രാര്‍ത്ഥന ഞങ്ങളോടു കൂടെ ഉണ്ടായിരിക്കണമേ.

## അനുതാപത്തിന്റെ

പരമാർത്ഥികളെ സ്നേഹിക്കുന്ന നിർമ്മലനായിരിക്കുന്ന ദൈവമായ കർത്താവേ! ഞങ്ങൾക്കെല്ലായ്പ്പോഴും നിർമ്മല ഹൃദയത്തെ തരണമേ. നിനക്കിഷ്ടമില്ലാത്ത വ്യർത്ഥ വിചാരങ്ങളെയും ദുഷ്ചിന്തകളെയും ഞങ്ങളിൽനിന്നും നീക്കിക്കളയണമേ. കർത്താവേ! കള്ളന് നീ തുറന്നുകൊടുത്ത പ്രകാരം നിന്റെ കരുണയുടെ വാതിൽ ഞങ്ങൾക്കും തുറന്നുതരേണമെ. ചുങ്കക്കാരന്റെയും പാപിനിയായ സ്ത്രീയുടെയും അനുതാപത്തെ കൈക്കൊതുപോലെ ഞങ്ങളുടെ അനുതാപത്തേയും കൈക്കൊള്ളണമേ. മാനസാന്തരപ്പെട്ട് തന്റെ അടുക്കലേക്ക് വരുന്ന അനുതാപക്കാരിൽ പ്രീതിപ്പെടുന്ന കരുണാസമ്പൂർണ്ണനായ കർത്താവേ! നിന്നെ ഉപേക്ഷിച്ച് പറഞ്ഞതിന്റെ ശേഷം ശെമഓനെ നീ പുണ്യപ്പെടുത്തിയ പ്രകാരം ഞങ്ങളുടെ കടങ്ങളെയും പാപങ്ങളേയും പരിഹരിക്കേണമേ.

കർത്താവേ! നിന്റെ അന്ത്യമായ ന്യായവിസ്താരത്തിൽ മുഖപക്ഷമില്ലാത്തതിനെ ഓർത്ത് കുറ്റക്കാരായ ഞങ്ങൾ ഏറ്റം ദുഃഖിക്കുന്നു. ഭയങ്കരമേറിയ കണക്കു പുസ്തകങ്ങൾ തുറക്കപ്പെട്ട് ഞങ്ങളുടെ കുറ്റങ്ങൾ വായിക്കപ്പെടുന്ന സമയത്ത് നിന്റെ കൃപ പ്രബലപ്പെട്ട് നിന്റെ നീതിയാൽ ഞങ്ങളെ സഹായിക്കണമേ. കുറ്റക്കാരായ ഞങ്ങൾക്ക് മോചനം ലഭിക്കുകയും ചെയ്യുമാറാകണമേ. കർത്താവേ! ഞങ്ങൾ പാപം ചെയ്തുപോയി എന്ന് ഞങ്ങൾ സമ്മതിക്കുന്നു. ദയവോടെ ഞങ്ങളോട് കരുണ ചെയ്യണമേ.

## വാങ്ങിപ്പോയവർക്കുവേണ്ടി

കർത്താവേ! പുണ്യപ്പെടുത്തുന്നതായ നിന്റെ പരിശുദ്ധ ശരീരത്തെയും രക്തത്തേയും അനുഭവിച്ചിട്ടുള്ള വിശ്വാസികളായ മരിച്ചുപോയവരെക്കുറിച്ച് നല്ല സ്മരണയുാകുമാറാകണമേ. മ്ശീഹാ കർത്താവേ! നിന്റെ മാലാഖമാരോടുകൂടെ മഹത്വത്തിൽ നീ വരുമ്പോൾ ഞങ്ങളുടെ മരിച്ചുപോയവർ മുഖപ്രസാദത്തോടുകൂടെ നിന്റെ വലത്തു ഭാഗത്തുനിന്നുകൊ്നിന്റെ ദൈവത്വത്തെ സ്തുതിക്കുമാറാകണമേ. മൊറിയൊ....

## മോർ യാക്കോബിന്റെ ബോവൂസൊ

കർത്താവേ! നിന്റെ മാതാവിന്റെയും, നിബിയന്മാർ, ശ്ലീഹന്മാർ, സഹദേന്മാർ മുതലായ എല്ലാ പരിശുദ്ധന്മാരുടെയും ഓർമ്മയിൽ ഞങ്ങളെ സംബന്ധിപ്പിക്കണമേ. ഇവരുടെ പ്രാർത്ഥനകളാൽ ജീവനോടിരിക്കുന്ന ഞങ്ങളെ കാത്തുകൊള്ളുകയും വിശ്വാസികളായി ഞങ്ങളുടെ വാങ്ങിപ്പോയവരെ നിന്റെ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമേ.

മോറാൻ യേശുമിശിഹാ നിന്റെ അനുഗ്രഹങ്ങളുടെ വാതിൽ ഞങ്ങളുടെ മുഖങ്ങൾക്കുനേരെ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ. കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്ഥാനത്തുനിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കി ഞങ്ങളോടു കരുണയുാകണമേ.

ദൈവമേ! നീ പരിശുദ്ധനാകുന്നു.... ഇത്യാദി.

## സൂത്താറാ പ്രാർത്ഥന

(ദൈവമേ! നീ പരിശുദ്ധനാകുന്നു ഇത്യാദി കൗമായും ചൊല്ലിയതിന്റെ ശേഷം)

### കോലോകൾ (അനുതാപത്തിന്റെ)

കർത്താവേ! നിന്റെ സർവ്വ കല്പനകളുടെയും വഴി ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങൾ അവയെ ആചരിച്ച് നിന്റെ കൃപയാൽ ജീവിക്കുമാറാകണമേ. നിന്റെ ദാനത്തിന്റെ ഭണ്ഡാരം അടയ്ക്കപ്പെടാതിരിപ്പാനായിട്ട് ഞങ്ങളുടെ അവയവങ്ങളുടെ തുറക്കപ്പെട്ട വാതിലുകൾക്ക് നീ കാവൽക്കാരെ നിയമിക്കണമെ. ബാറെക്മോർ.

വിശുദ്ധന്മാരാൽ തന്റെ വിശുദ്ധത കൊാടപ്പെടുന്ന പരിശുദ്ധനായ ദൈവമേ! കർത്താവ് പരിശുദ്ധനെന്നും തന്റെ നാമം വാഴ്ത്തപ്പെട്ടതെന്നും സ്രോപ്പേന്മാർ സ്തുതിക്കുന്നതുപോലെ ഞങ്ങൾ നിന്നെ സ്തുതിപ്പാനായിട്ട് ഞങ്ങളെല്ലാവരു ടെയും വിചാരങ്ങളെ നീ വിശുദ്ധീകരിച്ച് വെടിപ്പാക്കേണമേ.

മൊറിയൊ....

### ബോവൂസൊ

ഞങ്ങളുടെ കർത്താവേ! ഞങ്ങളോട് കരുണയുായി ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമേ. നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്ന് കരുണയും കൃപയും മോചനവും ഞങ്ങൾക്കയച്ചു തരണമെ. ഞങ്ങളുടെ പ്രവർത്തികൾ നിന്നെ കോപിപ്പിപ്പാൻ തക്കവയാകുന്നുവെങ്കിലും നീ കോപത്തിന് ആഗ്രഹമില്ലാത്തവനാകുന്നു. നീ കരുണാപൂർണ്ണനായിരിക്കുന്നതു കൊ്നിന്റെ ശാന്തത കലങ്ങാത്തതുമാകുന്നു. നിന്റെ കരുണാസമുദ്രത്തിന്റെ വലിപ്പത്തിങ്കൽ ഞങ്ങളുടെ പാപം അസംഖ്യമെങ്കിലും അത് ചെളിയുടെ ഒരു തുള്ളി പോലെ മാത്രം ഇരിക്കുന്നു. മഹാസമുദ്രത്തെ ഒരു തുള്ളി ചെളിക്ക് കലക്കുവാൻ കഴിയുന്നതല്ലല്ലോ. പ്രാർത്ഥനകളെ കേൾക്കുന്നവനും യാചനകൾക്ക് മറുപടി നൽകുന്നവനുമേ! ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ട് ഞങ്ങളുടെ മേൽ പ്രീതി തോന്നി നിന്റെകരുണയാൽ ഞങ്ങളുടെ യാചനകൾക്ക് ഉത്തരമരുളണമേ.

(അല്ലെങ്കിൽ)

അൻപുടയോനെ നിൻവാതിൽ

മുട്ടുന്നൂ ദാസർനാദം

ആവശ്യത്താൽ യാചിക്കും

അടിയാരെ തള്ളീടല്ലേ ബാറെക്മോർ.

നിന്നെ വിളിക്കുന്നേ നാഥാ

നിന്നുതവിക്കായ് ബലഹീനർ

നല്ലവനേ കാരുണ്യത്താൽ

നൽകണമെ യാചിപ്പുകളെ മൊറിയൊ റാഹേം....

### മോർ ബാലായിയുടെ ബോവൂസാ

ദുഷ്ടന്മാരിൽ കാരുണ്യംപൂാനേ

കാരുണ്യംചെയ് നിൻ

ന്യായത്തീർപ്പിൻനാൾ

ദുഃഖംപൂർേ

നിൻ വാതിൽമുട്ടുന്നു

കാരുണ്യത്താൽ നൽകേണം യാചനയെ

സ്വർഗ്ഗസ്ഥൻ താതാ പ്രാർത്ഥിക്കുന്നയ്യോ

കൈക്കൊിക്ക

ർമ്മം കാരുണ്യംചെയ്ക

വിണ്ണവർതൻ നാഥാ മൺമയരാശയുമേ

കൈക്കൊിക്ക

ർമ്മം കാരുണ്യം ചെയ്ക.

## മോർ അപ്രേമിന്റെ ബോവൂസോ

കർത്താവേ കൃപ ചെയ്യണമെ

പ്രാർത്ഥന നീ കൈക്കൊള്ളണമേ

മോചനവും ദയവും വാഴ്വും

നിന്നറയിൽ നിന്നേകണമേ.

എന്നുടയോനേ! സന്നിധിയിൽ

നിദ്രതെളിഞ്ഞിന്നീയടിയാൻ

വന്നുണർവോടെ നിൽപ്പതിനായ്

ഉന്നതനെ നീ കൃപ ചെയ്ക

പിന്നെയുമീ നിന്നടിയാൻ ഞാൻ

നിദ്രയിലായെന്നാകിലുമേ

എന്റെയുറക്കം സന്നിധിയിൽ

പാപം കൂടാതാകണമേ

തിന്മയെ ഞാനുണർവ്വിൽ ചെയ്താൽ

നിൻ കൃപയാലതു പോക്കണമേ

നിദ്രയിൽ ഞാൻ പിഴചെയ്തെങ്കിൽ

നിൻ ദയ മോചിച്ചീടണമേ

താഴ്മയെഴും നിൻ കുരിശാലേ

നല്ലയുറക്കം നൽകണമേ

മായകൾ ദുസ്വപ്നാദികൾ നിൻ
ദാസനു കാണാറാകരുതേ

ഇന്നു സമാധാനം നിറയും
നിദ്രയൊടെന്നെ കാക്കുക നീ
എന്നിലസത്തും ദുർനിനവും
വന്നധികാരം ചെയ്യരുതേ

നിന്നടിയാൻ ഞാനെന്നതിനാൽ
എന്നുടലിന്നും കാവലിനായ്
നിൻ വെളിവിന്റെ ദൂതനെ നീ
എന്നരികത്താക്കീടണമേ

യേശുവേ! ജീവനിരിക്കും നിൻ
ദിവ്യശരീരം തിന്നതിനാൽ
നാശമുദിക്കുന്നാഗ്രഹമെൻ
ചിത്തമതിൽ തോന്നീടരുതേ

രാവിലുറങ്ങുമ്പോളരികിൽ
കാവലെനിക്കായ്തിരുരക്തം
നിന്നുടെ രൂപത്തിന്നുസദാ
നീ വിടുതൽ തന്നീടണമേ

നിൻകൈ മെനഞ്ഞോരെന്നുടലിൽ
നിന്റെ വലങ്കൈയാകണമേ
നിൻ കൃപ ചുറ്റും കോട്ടയുമായ്
കാവലതായും തീരണമെ

അംഗമടങ്ങും നിദ്രയതിൽ
നിൻബലമെന്നെ കാക്കണമേ
എന്റെയുറക്കം തിരുമുമ്പിൽ
ധൂപം പോലെയുമാകണമേ

അമ്പൊടുനിന്നെ പ്രസവിച്ചൊ-
രമ്മയുടെ നൽ പ്രാർത്ഥനയാൽ
എൻശയനത്തിന്മേൽ രാവിൽ
ദുഷ്ടനടുക്കാറാകരുതേ

എൻ ദുരിതത്തിൻ പരിഹാരം
നൽകിയ നിന്റെ ബലിയാലേ
എന്നെ ഞെരുക്കീടാതെ മഹാ
ദുഷ്ടനെ നീ മാറ്റീടണമേ

നിന്നുടെ വാഗ്ദാനം കൃപയാൽ
നിറവേറ്റണമേ നീയെന്നിൽ
നിൻകുരിശാലെൻ ജീവനെ നീ
മംഗലമോടും കാക്കണമേ

ഏറിയൊരെന്റെ ഹീനതയിൽ
പ്രീതിയെ നീ കാണിച്ചതിനാൽ
ഞാനുണരുമ്പോൾ നിൻകൃപയെ
ഓർത്തു പുകഴ്ത്താറാകണമേ

നിന്തിരുവിഷ്ടം നിന്നടിയാൻ
അമ്പിലറിഞ്ഞായതുപോലെ
തന്നെനടപ്പാൻ നിൻകൃപയാൽ
എന്നിൽ നിത്യം കൃപചെയ്ക

നൻമനിറഞ്ഞോരന്തിയെയും
പുണ്യം നിറയും രാവിനെയും
എന്നുടയോനാം മ്ശീഹായേ!
നിന്നടിയങ്ങൾക്കേകണമേ

സത്യവെളിച്ചം നീ പരനേ!

നിന്റെ മഹത്ത്വം വെളിവിൽ താൻ
നൽവെളിവിൻ സുതരായവരും
നിൻമഹിമയ്ക്കായ് സ്തുതിപാടും

മാനവരക്ഷകനേ! സ്തുതിനിൻ
ദാസരിലെന്നും നിൻകൃപയെ
ഈയുലകിൽ നീയെന്നതുപോൽ
ആലോകത്തിലുമേകണമേ

എന്നുടയോനെ! സ്തുതി നൽകീ-
ടുന്നുനിനക്കെൻ രക്ഷകനേ
ആയിരമോടൊത്തായിരമായ്
യേശുവേ! നിന്നെ സ്തുതിപാടും

പ്രാർത്ഥനയെ കേൾക്കുന്നവനേ!
യാചനയെ നൽകുന്നവനേ!
പ്രാർത്ഥന കേട്ടീദാസരുടെ
യാചനയെ നൽകീടണമേ.
കുറിയേ... കുറിയേ.... കുറിയേ....

## 91, 120 മസ്മൂർകൾ

(കൂട്ടമായി പ്രാർത്ഥിക്കുമ്പോൾ രുപേർ മാത്രം ഓരോ നിറുത്ത് മാറിമാറി ചൊല്ലേതാകുന്നു).

ബാറെക്മോർ, അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവനും ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നവനും ആയുള്ളോവേ!

ബാറെക്മോർ, എന്റെ ശരണവും സങ്കേതസ്ഥലവും ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവവും നീയാകുന്നുവെന്ന് കർത്താവിനെക്കുറിച്ച് നീ പറക.

എന്തെന്നാൽ അവൻ വിരുദ്ധത്തിന്റെ കെണിയിൽനിന്നും വ്യർത്ഥസംസാരത്തിൽ നിന്നും നിന്നെ രക്ഷിക്കും.

അവൻ തന്റെ തൂവലുകൾകൊു നിന്നെ രക്ഷിക്കും. അവന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. അവന്റെ സത്യം നിന്റെ ചുറ്റും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തിൽനിന്നും പകൽ പറക്കുന്ന അസ്ത്രത്തിൽനിന്നും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽനിന്നും ഉച്ചയിലൂതുന്ന കാറ്റിൽനിന്നും ഭയപ്പെടുകയില്ല.

നിന്റെ ഒരു ഭാഗത്തു ആയിരങ്ങളും നിന്റെ വലതു ഭാഗത്ത് പതിനായിരങ്ങളുംവീഴും.

അവർ നിങ്കലേക്ക് അടുക്കുകയില്ല. എന്നാലോ നിന്റെ കണ്ണുകൾകൊണ്ടു നീ കാണുകമാത്രം ചെയ്യും. ദുഷ്ടന്മാർക്കുള്ള പ്രതിഫലത്തെ നീ കാണും.

എന്തെന്നാൽ തന്റെ വാസസ്ഥലം ഉയരങ്ങളിൽ ആക്കിയ എന്റെ ശരണമായകർത്താവു നീയാകുന്നു.

ദോഷം നിന്നോടടുക്കുകയില്ല. ശിക്ഷ നിന്റെ വാസസ്ഥലത്തിനു സമീപിക്കുകയുമില്ല.

എന്തെന്നാൽ നിന്റെ സകല വഴികളും നിന്നെ കാക്കേണ്ടതിനായിട്ട് അവൻ നിന്നെക്കുറിച്ച് അവന്റെ മാലാഖമാരോടു കല്പിക്കും.

നിന്റെ കാലിൽ നിനക്ക് ഇടർച്ചയുാകാതിരിപ്പാൻ അവർ തങ്ങളുടെ ഭുജങ്ങളിന്മേൽ നിന്നെ വഹിക്കും.

ഗോർസോ സർപ്പത്തെയും ഹർമ്മോനോ സർപ്പത്തെയും നീ ചവിട്ടും. സിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിച്ച് ബലപ്പെടുത്തും. അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ട്  ഞാൻ അവനെ വിളിക്കും.

ഞാൻ അവനോട് ഉത്തരം പറയും. ഞെരുക്കത്തിൽ ഞാൻ അവനോടുകൂടെയിരുന്ന് അവനെ ബലപ്പെടുത്തി ബഹുമാനിക്കും.

ദീർഘായുസ്സുകൊണ്ട്ഞാൻ അവനെ തൃപ്തിപ്പെടുത്തും. എന്റെ രക്ഷ അവനു ഞാൻ കാണിക്കുകയും ചെയ്യും.

ഞാൻ പർവ്വതത്തിലേക്ക് എന്റെ കണ്ണുകൾ ഉയർത്തും. എന്റെ സഹായക്കാരൻ എവിടെ നിന്നു വരും.

എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിന്റെ കാൽ ഇളകുവാൻ സമ്മതിക്കയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയില്ല.

എന്തെന്നാൽ യിസ്രായേലിന്റെ കാവൽകാരൻ ഉറക്കം തൂങ്ങുന്നുമില്ല, ഉറങ്ങുന്നുമില്ല.

കർത്താവു നിന്റെ കാവൽകാരനാകുന്നു. കർത്താവു തന്റെ വലതുകൈ കൊണ്ടു നിനക്കു നിഴലിടും.

പകൽ സൂര്യനെങ്കിലും രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കയില്ല.

കർത്താവു സകല ദോഷങ്ങളിലും നിന്നെ കാത്തുകൊള്ളും. കർത്താവു നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

അവൻ നിന്റെ ഗമനത്തെയും ആഗമനത്തെയും ഇന്നു മുതൽ എന്നേക്കും കാത്തു കൊള്ളും. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറക്മോർ.

**അപേക്ഷ**

ഹാലേലുയ്യാ ഉഹാലേലുയ്യാ ഉഹാലേലുയ്യാ മെനഓലം വാദമൊല്ഓലം ഒൽമ്മീനാമ്മീൻ

മഹോന്നതന്റെ മറവിലിരിക്കുന്നവനായ കർത്താവേ! നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ചു ഞങ്ങളോടു കരുണയുാകേണമേ.

സകലവും കേൾക്കുന്നവനേ! നിന്റെ കരുണയാൽ നിന്റെ അടിയാരുടെ അപേക്ഷ നീ കേൾക്കേണമേ.

മഹത്വമുള്ള രാജാവായി ഞങ്ങളുടെ രക്ഷകനായ മിശിഹാ നിരപ്പുനിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു നീ തരണമേ.

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു നോക്കിക്കൊിരിക്കുന്നു. ഞങ്ങളുടെകടങ്ങളും പാപങ്ങളും നീ പുണ്യപ്പെടുത്തി ഈ ലോകത്തിലും ആ ലോകത്തിലും ഞങ്ങളോടു കരുണ ചെയ്യേണമേ.

കർത്താവേ! നിന്റെ കരുണ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുഖങ്ങളിൽ നിൽക്കേണമേ. നിന്റെ സ്ലീബാ + ദുഷ്ടനിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകളൊക്കെയും നിന്റെ വലത്തുകൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കണമേ. നിന്റെ നിരപ്പു ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമേ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്കു ശരണവും രക്ഷയും നീ ഉണ്ടാക്കണമേ.

നിന്നെ പ്രസവിച്ച മറിയാമിന്റെയും നിന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ, ദൈവമേ ഞങ്ങളുടെ കടങ്ങൾക്കു നീ പരിഹാരമുണ്ടാക്കി ഞങ്ങളോടു കരുണ ചെയ്യണമേ.

## ക്രൂബേന്മാരുടെ സ്തുതിപ്പ് (കൗമാ)

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നു എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. + വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ, ഞങ്ങളോടു കരുണയുാകണമേ.

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നു എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. + വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ, ഞങ്ങളോടു കരുണയുാകണമേ.

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നു എന്നന്നേക്കും വാഴ്ത്തപ്പെട്ടതുമാകുന്നു. + വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ, കൃപയുായി ഞങ്ങളോടു കരുണയുാകണമേ.

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു. നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു. നീ എന്നേക്കും വിശുദ്ധിയുള്ളവനും നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതുമാകുന്നു.

ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറക്മോർ

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ!....

കൃപനിറഞ്ഞ മറിയമേ!....

## വിശ്വാസപ്രമാണം

സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും, കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യമുള്ള ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും, സർവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും, തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷക്കും വേതിരുവിഷ്ടപ്രകാരം സ്വർഗ്ഗത്തിൽ നിന്നിറങ്ങി, വിശുദ്ധറൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൽനിന്നും ശരീരിയായിതീർന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേി കുരിശിക്കപ്പെട്ട്, കഷ്ടമനുഭവിച്ച്, മരിച്ച്, അടക്കപ്പെട്ട്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ്, സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തു ഭാഗത്തിരുന്നവനും ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജത്വത്തിന് അവസാനമില്ലാത്തവനുമായ യേശുമിശിഹാ ആയ, ഏകകർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും, പിതാവിൽ നിന്നു പുറപ്പെട്ട്, പിതാവിനോടും പുത്രനോടുംകൂടി വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായി ജീവനും വിശുദ്ധിയുമുള്ള ഏകറൂഹായിലും കാതോലിക്കായ്ക്കും ശ്ലീഹായ്ക്കു മടുത്ത ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസാ ഒന്നുമാത്രമേ ഉള്ളു എന്ന് ഞങ്ങൾ ഏറ്റുപറഞ്ഞ് മരിച്ചുപോയവരുടെ ഉയർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെപുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ.

ബാറെക്മോർ, സ്തൗമൻകാലോസ്, കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ,

ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ മേൽ നീ അനുഗ്രഹിക്കേണമേ. ഞങ്ങളുടെ കർത്താവേ! നീ കൃപ ചെയ്തു ഞങ്ങളുടെമേൽ അനുഗ്രഹിക്കേണമെ. ഞങ്ങളുടെ കർത്താവേ! നീ ഉത്തരമരുളിച്ചെയ്തു ഞങ്ങളുടെമേൽ അനുഗ്രഹിക്കേണമെ. ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി എന്നേക്കും ഞങ്ങൾക്കുള്ള ശരണമേ നിനക്കു സ്തുതി. ബാറെക്മോർ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ....

നന്മനിറഞ്ഞ മറിയം....